KPSTA

Kerala Pradesh School Teachers' Associatio[n]

Central Committee Office : KPSTA Adyapaka Bhavan
Chinmaya School Lane, Kunnumpuram, Thiruvananthapuram. Ph : 0471 257579
Recognised as per G.O. (MS) 289/63 Dt.29/4/1963 & GO (RT) 2317/2016 Gen.Edn. Dt.15/7/201
&GO(RT)533/2018Gen.Edn. Dt.02/02/201

www.kpsta.in

President
V.K AJITHKUMAR
Mob : 9846154858
ajithkpsta@gmail.com

General Secretary
M. SALAHUDEEN
Mob : 9447041019
salahudeenkpsta@gmail.com

Treasure
S. SANTHOSHKUMA
Mob : 944772110
santhoshkonni@gmail.com

Date..................

സ്വീകർത്താവ്

പൊതുവിദ്യാഭ്യാസ സെക്രട്ടറി

പൊതുവിദ്യാഭ്യാസ വകുപ്പ്, കേരളം

സർ,

വിഷയം:- ഖാദർ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുന്നതിനെതിരെ അധ്യാപക സംഘടനാ നേതാക്കൾ അനിശ്ചിതകാല സമരം നടത്തുന്നത് സംബന്ധിച്ച്:

കേരളത്തിലെ സർക്കാരും പൊതുവിദ്യാഭ്യാസ വകുപ്പും വളരെ ധൃതി പിടിച്ച് പൊതു വിദ്യാഭ്യാസ മേഖലയെ തകർക്കുന്ന ഖാദർ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കാനുള്ള തീരുമാനം ഉപേക്ഷിക്കണമെന്ന് ആവശ്യപ്പെട്ട് നിരവധി സമരങ്ങൾ അധ്യാപക സംഘടനകൾ നടത്തിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ മന്ത്രി അധ്യാപക സംഘടനകളുമായും മറ്റ് സംഘടനകളുമായും ചർച്ച നടത്തി സമവായത്തിൽ എത്തിയശേഷമേ സെക്കന്ററി, ഹയർ സെക്കന്ററി ഏകീകരണം നടപ്പിലാക്കൂ എന്നാണ് അറിയിച്ചിരുന്നത്. എന്നാൽ തുടർ ചർച്ചകൾ ഇല്ലാതെ സർക്കാർ ഏകപക്ഷീയമായി കെ.ഇ.ആർ ഭേദഗതി ചെയ്യുകയും ഖാദർ കമ്മിറ്റി റിപ്പോർട്ട് ഭാഗികമായി നടപ്പിലാക്കുകയും ചെയ്തു. അധ്യാപകസംഘടനകളുമായി കൂടുതൽ ചർച്ചകൾ നടത്താതെ ഖാദർ കമ്മിറ്റി റിപ്പോർട്ട് അശാസ്ത്രീയമായി നടപ്പിലാക്കാനുള്ള തീരുമാനത്തിൽ പ്രതിഷേധിച്ചുകൊണ്ട് പൊതുവിദ്യാഭ്യാസ സംരക്ഷണ സമിതിയുടെ ആഭിമുഖ്യത്തിൽ കേരളത്തിലെ പ്രമുഖ അധ്യാപക സർവ്വീസ് സംഘടനകളുടെ സംസ്ഥാന നേതാക്കൾ ഓഗസ്റ്റ് 5 മുതൽ സെക്രട്ടറിയേറ്റ് നടയിൽ അനിശ്ചിതകാല സത്യഗ്രഹസമരം ആരംഭിക്കുന്ന വിവരം താങ്കളെ അറിയിക്കുന്നു.

വിശ്വസ്തതയോടെ

എം. സലാഹുദ്ദീൻ
ജനറൽ കൺവീനർ-
ജനറൽ സെക്രട്ടറി